**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ ഡി കെ മുരളി** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പ്രകൃതിക്ഷോഭങ്ങളാലും രോഗങ്ങളാലും ബുദ്ധിമുട്ട് അനുഭവിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി പട്ടികവർഗ ആശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് അവശ്യ സന്ദർഭങ്ങളിൽ ആശ്വാസം നൽകുന്നതിന് പദ്ധതിയിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നല്കുമോ; | (എ) | പ്രകൃതിക്ഷോഭങ്ങളാലും രോഗങ്ങളാലും ബുദ്ധിമുട്ട് അനുഭവിക്കുന്ന പട്ടികവർഗ വിഭാഗത്തിൽ പ്പെട്ടവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി ബഹു. വകുപ്പ് മന്ത്രിയുടെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. 5000/- രൂപ വരെയുള്ള ചികിത്സ ധനസഹായം പി.ഒ/റ്റി.ഡി.ഒമാർ മുഖേനയും, 25,000/- രൂപ വരെയുള്ള സർക്കാർ ആശുപത്രിയിലെ ചികിത്സാ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും, 25,000/- രൂപയ്ക്ക് മുകളിൽ ഉള്ളതും സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതും ചികിത്സ ചെലവ് തുക സർക്കാരിന്റെ അനുമതിയോടുകൂടി അനുവദിച്ച് നൽകി വരുന്നുണ്ട്. ചികിത്സാധനസഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്. അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സക്കായി, രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. കൂടാതെ വയനാട്, പാലക്കാട് , കോഴിക്കോട് ,മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗക്കാർക്കിടയിൽ കണ്ടു വരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് പ്രതിമാസം 2,500/- രൂപ ചികിത്സയ്ക്കുവേണ്ടി സമാശ്വാസ ധനസഹായമായി അനുവദിക്കുന്നുണ്ട്. |
| (ബി) | പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഗുരുതര രോഗബാധിതർക്ക് തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ വൈദ്യസഹായം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; രോഗികൾക്ക് കൂട്ടുനിൽക്കുന്നവർക്ക് പ്രത്യേക സഹായം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽകോളേജ് ആശുപത്രികളിലും സൗജന്യമായി നൽകി വരുന്നുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ. അവിട്ടംതിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സനൽകി വരുന്നു. ചികിത്സാ ചെലവ് 50,000/- രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ് , ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തു നിന്നും |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീട്ടുകളിൽ എത്തിക്കുന്നതിനും, വേണ്ടി വരുന്ന യഥാർത്ഥ ആംബുലൻസ്/വാഹനവാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ